റിബേറ്റ് ഇനത്തിൽ കുടിശ്ശിക

98(2086) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(ബി) റിബേറ്റ് അടക്കമുള്ള തുക നൽകാത്തതിനാൽ ഇത്തരം സംഘങ്ങൾ അടച്ച് പൂട്ടൽ ഭീഷണിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ). 2013-14 സാമ്പത്തിക വർഷം വരെയുള്ള വിവിധ കാലയളവുകളിലായി ഹാന്റക്സ്, ഹാൻവീവ്, സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവ 12,49,25,839 രൂപയുടെ റിബേറ്റ് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്പിന്നിംഗ് മേഖലയിലെ പ്രതിസന്ധി

99(2087) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പിന്നിംഗ് വ്യവസായം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സ്പിന്നിംഗ് മില്ലുകളിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യയും ഉപകരണ സാമഗ്രികളും പലതും കാലഹരണപ്പെട്ടതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം മില്ലുകളുടെ നവീകരണത്തിനും ഈ മില്ലുകളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് 2012-13 കാലയളവിൽ പുനരുദ്ധാരണ സ്പെഷ്യൽ പാക്കേജായി 60 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ ടെക്സ്റ്റൈൽ മില്ലുകൾക്ക് 2792.50 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly